ഡയറ്റ് (DIET) സ്പെഷ്യൽ റൂൾസ്

103 (4385) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മാരമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഡയറ്റ് (DIET) സ്ഥാപിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സ്ഥാപനത്തിലേയ്ക്ക് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നത് എങ്ങനെയെന്ന് വ്യക്തമാക്കാമോ ;

(സി) ഈ സ്ഥാപനവുമായി ബന്ധപ്പെട്ട് സ്പെഷ്യൽ റൂൾസ് ഇറക്കിയിട്ടുണ്ടോ : ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് മൂന്ന് ഘട്ടങ്ങളായിട്ടാണ് ഡയറ്റുകൾ സ്ഥാപിതമായിട്ടുള്ളത്. 24-12-1988-ൽ ജി. ഒ. (എം.എസ്.) 126/88/പൊവി. പ്രകാരം തൃശ്ശൂർ, വയനാട്, കാസർഗോഡ് ജില്ലകളിലും 20-3-1990 ൽ ജി. ഒ. (എം. എസ്.) 45/90/പൊവി. പ്രകാരം പത്തനംതിട്ട, എറണാകുളം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലും 4-5-1991-ൽ ജി.ഒ. (എം. എസ്.) 137/91/പൊവി. പ്രകാരം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിലും ഡയറ്റുകൾ സ്ഥാപിതമായി.

(ബി) ഡയറ്റുകളിൽ പ്രിൻസിപ്പൽ, സീനിയർ ലക്ചറർ, ലക്ചറർ തസ്തികകളിലേയ്ക്ക് താൽക്കാലികാടിസ്ഥാനത്തിൽ റൂൾ 9 (എ) 1 കെ.എസ്. ആന്റ് എസ്. എസ്. ആർ പ്രകാരമാണ് നിയമനം നടത്തുന്നത്. ഇതിനായി പൊതു വിദ്യാഭ്യാസ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. മറ്റു ജീവനക്കാരെ നിയമിക്കുന്നത് പൊതു വിദ്യാഭ്യാസ ഡയറക്ടറാണ്.

(സി) ഈ സ്ഥാപനവുമായി ബന്ധപ്പെട്ട് സ്പെഷ്യൽ റൂൾസ് ഇറക്കിയിട്ടില്ല. സ്പെഷ്യൽ റൂൾസ് രൂപീകരണത്തിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

എസ്.എസ്.എൽ.സി.-ക്ക് തുല്യമായ പരീക്ഷ

104 (4388) ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്താം ക്ലാസ്സുവരെ ഔപചാരിക വിദ്യാഭ്യാസം നടത്താൻ കഴിയാത്തവർക്കും എസ്. എസ്. എൽ. സി.-ക്ക് തുല്യമായ പരീക്ഷ പാസ്സാകത്തക്കവിധം മറ്റൊരു പരീക്ഷ നടത്തുന്ന പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പരീക്ഷയുടെ ചുമതല ആർക്ക് നല്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഇത്തരം ഒരു പരീക്ഷാ സമ്പ്രദായം നടപ്പിലാക്കുന്നതിന്റെ ഉദ്ദേശം എന്താണ് ;

(ഡി) ഉപരി പഠനത്തിന് ഈ പരീക്ഷ പാസ്സാകുന്നവർക്ക് അവസരം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പത്താം ക്ലാസ്സുവരെ ഔപചാരിക വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയാത്തവർക്കും എസ്. എസ്. എൽ. സി. പരീക്ഷ എഴുതുന്നതിന് അവസരമൊരുക്കണമെന്ന് പല വിദേശ മലയാളി സംഘടനകളും ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) പരീക്ഷാ ഭവൻ നല്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) സമീപകാലത്തായി ഗൾഫ് മേഖലയുൾപ്പെടെ പല വിദേശ രാജ്യങ്ങളും നിലവിലുള്ള തൊഴിൽ നിയമങ്ങൾക്ക് മാറ്റം വരുത്തുകയുണ്ടായി. അതനുസരിച്ച് അവിദഗ്ദ്ധതൊഴിൽ മേഖലകളിലെ തൊഴിലാളികൾക്ക് പോലും മിനിമം വിദ്യാഭ്യാസ യോഗ്യത എസ്. എസ്. എൽ. സി.-ക്ക് തുല്യമായി നിശ്ചയിച്ചുവരുന്നു. ഇക്കാരണത്താൽ പല വിദേശമലയാളികൾക്കും നിലവിലുള്ള തൊഴിൽ പോലും നഷ്ടപ്പെടുന്നതിനുള്ള സാഹചര്യം ഉണ്ടാകുന്നു. ഈ സാഹചര്യത്തിലാണ് വിദേശ മലയാളി സംഘടനകളുടെ അഭ്യർത്ഥന പരിഗണിച്ച് 10-ാം ക്ലാസ്സ് വരെ ഔപചാരിക വിദ്യാഭ്യാസം പൂർത്തിയായിട്ടില്ലാത്തവർക്ക് വേണ്ടി ലിബറലൈസ്ഡ് സ്കീമിൽ എസ്. എസ്. എൽ. സി. പരീക്ഷ നടത്തുന്ന കാര്യം പരിശോധിച്ചുവരുന്നത്.

(ഡി) ഈ പരീക്ഷ പാസ്സാകുന്നവർക്ക് ഉപരിപഠനത്തിന് അവസരം ഉണ്ടായിരിക്കുന്നതല്ല.

വയസ്സിളവ് അനുവദിച്ച് നൽകാൻ നടപടി

105(4387) ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള വിദ്യാഭ്യാസ സ്കീം അനുസരിച്ച് എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്നതിനുള്ള അവസാന അവസരം 2004 മാർച്ച് ആണെന്നിരിക്കെ 20-5-2003-ൽ പൊതുവിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവ് പ്രകാരം പ്രൈവറ്റായി എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് മാർച്ച് ഒന്നിന് 17 വയസ്സ് പൂർത്തിയായിരിക്കണം എന്ന വ്യവസ്ഥ സ്കൂൾ വിദ്യാഭ്യാസം തടസ്സപ്പെട്ട അനേകായിരം വിദ്യാർത്ഥികളെ ദോഷകരമായി ബാധിക്കുന്നതാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly